# ശഅ്ബാൻ പതിനഞ്ചാം രാവ്
# അഥവാ
# ബറാഅത്ത് രാവ്

## (الفتاوى)

കെ. എം. മൗലവി(رحمه الله)

അൽമുർശിദ് شَعْبَان 1356 (പേജ്: 237-240)



[ചോദ്യം]

അൽമുർശിദ് പത്രാധിപർ അവർകൾക്ക്.

മാന്യരെ, السلام عليكم ورحمة الله وبركاته

ബറാഅത്ത് രാവിൽ (ശഅ്ബാൻ പതിനഞ്ചാം രാവ്) നമ്മുടെ രാജ്യങ്ങളിൽ എല്ലാവരും ജുമുഅത്ത് പള്ളിയിൽ ഒരുമിച്ചു കൂടി മഗ്‌രിബ് നിസ്കാരത്തിനുശേഷം മൂന്ന് യാസീൻ ഓതി ദുആ ഇരക്കുന്ന ഒരു പതിവുണ്ടല്ലോ. قَضِي-യോ മുസ്‌ലിയാരോ ഒരദ്ധ്യക്ഷന്റെ നിലക്ക് ഇരിക്കുകയും ജനങ്ങൾ വളഞ്ഞിരിക്കുകയും ചെയ്യും. ഓരോ യാസീനും ഓതുന്നതിനു മുമ്പായി ആയുസ്സിനെ ദീർഘിപ്പിക്കുക, ആപത്തുകളെ തടയുക, رِزْق-നെ ഏറ്റെടുക്കുക, കുടുംബങ്ങളിലും മറ്റും ബർകത്ത് ഉണ്ടാവുക മുതലായ നിയ്യത്തുകളോടു കൂടി ഓതണമെന്ന് ആ ഇമാം ഉച്ചത്തിൽ വിളിച്ച് പറയും. ഓരോ യാസീനും ഓതി തീരുമ്പോൾ ഇമാം ദുആ ചെയ്യുകയും മറ്റുള്ളവർ ആമീൻ ചൊല്ലുകയും ചെയ്യും. ചില സ്ഥലങ്ങളിൽ ദുആന്റെ അർത്ഥവും ഇമാം പറഞ്ഞു കൊടുക്കും (ആ ഇമാം തന്നെ ഖുതുബ തർജുമ ചെയ്യുവാൻ പാടില്ലെന്ന് ശഠിക്കുകയും ചെയ്യും) പടച്ചവൻ ഇന്ന് ഒന്നാം ആകാശത്തിൽ ഇറങ്ങി വരുമെന്നും മറ്റും ആ ഇമാം പറയുന്നതായും കേൾക്കാം. ഈ ഒരുമിച്ചു കൂടുന്നവരിൽ അധികം പേരും നമസ്കാരം, നോമ്പ് മുതലായ ഇബാദത്തുകളിൽ യാതൊരു ശ്രദ്ധയും ഇല്ലാത്തവരാണ്. ഈ ഒരൊറ്റ കർമം കൊണ്ട്, വരുന്ന കൊല്ലം വരെ എല്ലാ കാര്യവും حَاصِل-ആയെന്നാണ് അവരുടെ വിശ്വാസം.

1. മേൽ പ്രകാരമുള്ള കർമങ്ങൾക്ക് ക്വുർആനിലൊ ഹദീസിലൊ വല്ല അടിസ്ഥാനവുമുണ്ടോ?
2. സ്വലഫു സ്വാലിഹുകൾ ഇങ്ങനെ ചെയ്യാറുണ്ടോ?
3. അങ്ങിനെയൊന്നുമില്ലെങ്കിൽ ശർഇൽ അതിന്റെ ഹുകുമെന്താണ്?

പത്രാദിപർ അവർകളോ മറ്റു വല്ലവരുമോ മേൽ പറഞ്ഞ സംശയങ്ങൾക്ക് രേഖാ മൂലമുള്ള മറുപടി അൽമുർശിദിൽ പ്രസിദ്ധം ചെയ്യണമെന്ന് അപേക്ഷിച്ച് കൊള്ളുന്നു.?

(ഒരു മുസ്‌ലിം)

الجواب[ഉത്തരം]

اللَّهُمَّ هِدايةً الى الصَّوابِ ○

بسم الله الرحمن الرحيم ○ الحمد لله وحده والصّلاة والسّلام على من لا نبيّ بعده، وعلى آله وصحبه الموفين عهده○

1. ശഅ്ബാൻ 15–ാം രാവിൽ പ്രത്യേകമായി യാതൊരു عَمَل-ഉം[കർമവും] ചെയ്യുവാൻ ഖുർആനിലോ സഹീഹായ ഹദീസുകളിലോ കൽപിച്ചിട്ടില്ല. നിങ്ങളുടെ ചോദ്യത്തിൽ പറഞ്ഞപോലെയുള്ള കർമങ്ങൾക്ക് ഖുർആനിലോ ഹദീസുകളിലോ സ്വഹാബത്തിന്റെ آثَار-ലോ (നടപടികളിലോ ഉപദേശങ്ങളിലോ) യാതൊരു അടിസ്ഥാനവുമില്ല, ഒരു ضَعِيف-ായ ഹദീസും കൂടിയില്ല. ഒരു ضَعِيف-ായ اَثَر-ഉം ഇല്ല. ഈ വിധം ബിദ്അത്തുകളിൽ നിന്ന് എല്ലാ മുസ്ലിം സഹോദരങ്ങളെയും അല്ലാഹു(ﷻ) മോചിപ്പിക്കട്ടെ. ആമീൻ!

ഇബ്നു ഹജർ അൽഹൈതമി(ﷺ) فتاوى الكبرى-യിൽ ഇങ്ങിനെ പറയുന്നു:

وَجَمِيعُ ما رُوِيَ من الْأَحَادِيثِ الْمُشْتَهِرَةِ في فَضَائِلِ هذه اللَّيْلَةِ –اَيْ لَيْلَةَ أَوَّلِ جُمُعَةٍ من رَجَبٍ -وَلَيْلَةِ نِصْفِ شَعْبَانَ بَاطِلٌ كَذِبٌ لَا أَصْلَ له وَإِنْ وَقَعَ في بَعْضِ كُتُبِ الْأَكَابِرِ كَالْإِحْيَاءِ لِلْغَزَالِيِّ وَغَيْرِهِ (جزء اوّل ص 184)

(റജബ് ആദ്യത്തെ വെള്ളിഴാഴ്ച രാവിന്റെയും ശഅ്ബാൻ 15–ാം രാവിന്റേയും ഗുണങ്ങളിൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്ന എല്ലാ പ്രസിദ്ധ ഹദീസുകളും അസത്യവും കളവുമാകുന്നു. ഇമാം ഗസ്സാലി (ﷺ)ന്റെ إحياء-വും മറ്റും പോലെയുള്ള ചില മഹാന്മാരുടെ കിതാബുകളിൽ അത് പെട്ടുപോയിട്ടുണ്ടെങ്കിലും അതിന്ന് യാതൊരു അടിസ്ഥാനവുമില്ല.)

ഇമാം അബൂശാമ(ﷺ) അദ്ദേഹത്തിന്റെ الباعث എന്ന കിതാബിൽ ഇമാം അബൂബക്കർ അത്ത്വർതൂശി(ﷺ) പറഞ്ഞതായി പറയുന്നു:

وقال أبو بكر وروى ابن وضاح عن زيد بن اسلم قال ما ادركنا أحدا من مشيختنا ولا فقهائنا يلتفتون الى ليلة النصف من شعبان ولا يلتفتون الى حديث مكحول ولا يرون لها فضلا على سواها قال وقيل لابن ابي مليكة أن زياد النميري يقول أن أجر ليلة النصف من شعبان كأجر ليلة القدر فقال لو سمعته وبيدي عصا لضربته قال وكان زياد قاسيا(ص 22)

(അബൂബക്കർ അത്ത്വർതൂശി(ﷺ) പറയുന്നു: ഇബ്നു വല്ലാഹ് സെയ്ദ് ബിനു അസ്ലമിൽ നിന്ന് അദ്ദേഹം ഇങ്ങനെ പറഞ്ഞതായി നിവേദനം ചെയ്യുന്നു. 'ഞങ്ങളുടെ ഗുരുനാഥന്മാരൊ, പണ്ഡിതന്മാരോ അവരിൽ യാതൊരാളും ശഅ്ബാൻ 15–ാം രാവിനെകുറിച്ച് പ്രത്യേകം യാതൊരു ശ്രദ്ധയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിട്ടില്ല. മക്ഹൂലിന്റെ ഹദീസിനെയും അവർ ഗണ്യമാക്കിയിരുന്നില്ല. മറ്റു രാവിനേക്കാൾ യാതൊരു പ്രത്യേക ഗുണവും അതിനുള്ളതായി അവരാരും വിചാരിച്ചിരുന്നുമില്ല.' അബൂബക്കർ അത്ത്വർതൂശി(ﷺ) പറയുന്നു: 'ഇബ്നു അബീ മുലയ്ക്കയോട് പറയപ്പെട്ടു. ശഅ്ബാൻ 15–ാം രാവിന്റെ ഗുണം ലൈലത്തുഖതറിന്റേത് പോലെയാണെന്ന് സിയാതുന്നമീരി പറയുന്നു: ഇബ്നു അബീ മുലയ്ക്ക മറുപടി പറഞ്ഞത് ഇങ്ങിനെയാണ്. എന്റെ കൈയ്യിൽ വടിയുള്ളപ്പോൾ അദ്ദേഹം അങ്ങിനെ പറയുന്നത് ഞാൻ കേട്ടിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെ അടിക്കുമായിരുന്നു.' സിയാദ് ഒരു കഥ പറയുന്ന ആളായിരുന്നു.

إصلاح المساجد എന്ന കിതാബിൽ സയ്യിദ് ജമാലുദ്ദീൻ അൽഖാസിമി(ﷺ) ഇങ്ങിനെ പറയുന്നു:

وامّا دعاؤها المشهور فلم يرد من طريق صحيح ولا غيره وانّما هو من جمع بعض المشائخ (ص 107)

(അതിലെ പ്രസിദ്ധമായ ദുആ ആകട്ടെ അത് സ്വഹീഹോ അല്ലാത്തവ ആയോ യാതൊരു മാർഗേണയും وارد-ആയിട്ടില്ല. അത് ശൈഖന്മാരിൽ ചിലരുടെ രചനയിൽ നിന്ന് മാത്രം ഉൽഭവിച്ചിട്ടുള്ളതാണ്.)

اللّٰهُمَّ يـا ذا المـن എന്ന് ആരംഭിക്കുന്ന ദുആയിനെ കുറുച്ചാകുന്നു സയ്യിദ് ജമാലുദ്ദീൻ അൽഖാസിമി(﵀) പറഞ്ഞിരിക്കുന്നത്, അതിനാൽ ഈ ദുആയിനെയും അതിന്റെ മുമ്പായി മൂന്ന് പ്രാവിശ്യം യാസീൻ ഓതുന്നതിനും യാതൊരു അടിസ്ഥാനവും ഇല്ല തീർച്ച തന്നെ. والله اعلم

2. ശഅ്ബാൻ 15–ാം രാവിന്ന് പ്രത്യേകതയുള്ളതായി വിചാരിക്കപ്പെട്ടതും ആ രാത്രിയിൽ പ്രത്യേകം ഇബാദത്തുകളിൽ ഉത്സാഹിക്കുകയും അധ്വാനിക്കുകയും ചെയ്യുന്നതും ശാമിലെ താബിഈങ്ങളായ ഖാലിദുബിനു മഅ്ദാൻ, മഖ്ഹൂൽ(﵀) പോലെയുള്ളവരാകുന്നു ആരംഭിച്ചത്. എന്നാൽ അതിന് ഹിജാസുകാരായ عُلَمَـاء–ൽ ഭൂരിഭാഗവും അന്നു തന്നെ പ്രതിഷേധിക്കയും ചെയ്തു. ഇമാം മാലിക്ക്(﵀)വിന്റെ അസ്ഹാബും മറ്റും അവരിൽ പെട്ടവരാകുന്നു. അവരെല്ലാവരും പറയുന്നത് അത് മുഴുവൻ ബിദ്അത്താകുന്നു എന്നാണ്. എന്നാൽ ശാമുകാരായ താബിഈങ്ങളിൽ ചിലർ ആരംഭിച്ച ഈ ആചാരം ക്രമേണ ഭൂലോകം ഒട്ടാകെ പ്രചരിപ്പിച്ചു പോയി.

( الباعث ص 23–22 م  مواهب اللّدنية للقسطلّاني جزء ثاني ص 260–259 ) നോക്കുക.

എന്നാൽ നിങ്ങളുടെ ചോദ്യത്തിൽ പറഞ്ഞതായ നമ്മുടെ രാജ്യങ്ങളിൽ നടന്നു വരുന്ന യാസീൻ മൂന്നു പ്രാവശ്യം ഓതി മേൽ പറഞ്ഞ ദുആ ചെയ്യുക എന്ന ഈ ഏർപ്പാടാകട്ടെ مُجَرَّبَـات പോലെയുള്ളതിൽ ഒഴികെ അതിന് യാതൊരു അടിസ്ഥാനവും ഇല്ല. ഹിജ്റ വർഷം എഴുന്നൂറിനു മുമ്പ് ഈ ഏർപ്പാട് നടന്നു വന്നിട്ടുള്ളതായി അറിയുന്നില്ല. അതിനാൽ ഈ ഏർപ്പാട് സ്വലഫു സ്വലിഹീങ്ങളിൽ ആരും ചെയ്യാറുണ്ടായിട്ടുള്ളതല്ലെന്ന് തീർച്ച തന്നെ. والله اعلم

3. ശറഇന്റെ علمـاء എല്ലാവരും യോജിച്ച് വിരോധിക്കപ്പെട്ടതായ مُنْكَـرَة–ആയ ബിദ്അത്താണ് നമ്മുടെ നാട്ടിലെ ഈ ആചാരം എന്ന് തീർച്ച തന്നെ. എന്ത്കൊണ്ടെന്നാൽ യാസീൻ സൂറത്ത് ഓതുന്നതിന് അന്നേ ദിവസം പ്രത്യേക ثـواب–ഉം ഫലവും ഉണ്ടെന്ന് കരുതിയാണല്ലോ ജനങ്ങൾ ആചരിക്കുന്നത്. അതിനാൽ مَـنْ أَحْـدَثَ فِي أَمْرِنَـا هَـذَا مَـا لَـيْسَ مِنْـهُ فَهُـوَ رَدٌّ എന്ന ഹദീസിൽ ഇത് ഉൾപ്പെടുന്നു. മാത്രമല്ല പ്രസ്തുത ദുആയിൽ അല്ലാഹു(ﷻ)യുടെ അടുക്കലുള്ള  ഉമ്മുൽ കിതാബിലെ വിധിയെ ഭേദപ്പെടുത്തുവാൻ തേടലുണ്ട്. ഉമ്മുൽ കിതാബ് എന്നു വെച്ചാൽ യാതൊരു മാറ്റവും വരാത്ത ഗ്രന്ഥത്തിന്റെ മൂലം എന്നാകുന്നു അർത്ഥം എന്നും, അതിൽ രേഖപ്പെടുത്തിയതിനെ മാറ്റി ഭേദപ്പെടുത്തുന്നത് مُـسْتَحِيل[അസംഭവ്യം]–ആണെന്നം സർവ്വ സത്യമായിട്ടുള്ള തത്വമാണല്ലോ. അതിനാൽ അസംഭവ്യമായ ആ ദുആഇനെ ആര് രചിച്ചതായാലും അത് ദുആയിരക്കുന്നത് ശറഇൽ ഹറാമാകുന്നു.

ഇനി നമുക്ക് ആലോചിക്കാനുള്ളത് ഇന്ന് (ശഅ്ബാൻ പതിനഞ്ചാം രാവ്) ഒന്നാം ആകാശത്തിൽ പടച്ചവൻ ഇറങ്ങി വരുമെന്ന് ഇമാം പറയുന്നതായി കേൾക്കാം എന്നതിനെ കുറിച്ചാകുന്നു. ഈ സംഗതിയിൽ ഈ രാവിന് യാതൊരു പ്രത്യേകതയും ഉള്ളതായി വിചാരിക്കാൻ പാടില്ല എന്തു കൊണ്ടെന്നാൽ നബി(ﷺ) യുടെ സ്വഹാബത്തായുള്ള എല്ലാ പണ്ഡിതന്മാരും ഈ രാവിന്ന് മറ്റ് രാവുകളെക്കാൾ പ്രത്യേകതയുള്ളതായി വിചാരിക്കാത്തവരായിരുന്നുവെന്ന് ആ മഹാന്മാരായ സ്വഹാബത്തിന്റെ تلميـذ–ഉം, മഹാപണ്ഡിതനും ഇമാം മാലിക്കിന്റെ ഉസ്താദുമായ സൈദുബ്നു അസ്ലം(﵀) പറഞ്ഞതായി നാം അറിഞ്ഞു കഴിഞ്ഞുവല്ലോ. അവർക്ക് വിരോധമായി ചില ضعيـف–ആയ[1] ഹദീസുകൾ നാം എങ്ങനെ സ്വീകരിക്കും?

---

[1] ഈ ഹദീസുകളുടെ(അഥവാ അല്ലാഹു ഈ രാവിൽ ഒന്നാം ആകാശത്തേക്ക് ഇറങ്ങി വരും എന്ന് അറിയിക്കുന്നവയുടെ) സ്വീകാര്യതയിൽ ആധുനികരും പൗരാണികരുമായ പണ്ഡിതരും അന്നും ഇന്നും രണ്ടഭിപ്രായം പ്രകടിപ്പിച്ചതായി കാണാം. ആധുനിക പണ്ഡിതരായ ശൈഖ് അൽബാനി(﵀), അൻവർശാഹ് അൽകാശ്മീരി(﵀) അബ്ദുറഹീം അൽമുബാറക്പൂരി(﵀) പോലെയുള്ളവർ, ഇവ സ്വീകര്യമാണ് എന്നഭിപ്രായപെട്ടവരാണ് എന്നാൽ ശൈഖ് ഇബ്നു ബാസ്(﵀) അവർകൾ ശഅ്ബാൻ പതിനഞ്ചാം രാവിന്റെ എല്ലാ ഹദീസുകളും ദുർബലമാണ് എന്ന അഭിപ്രായക്കാരനാണ്. പൗരാണിക പണ്ഡിതരിൽ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(﵀) അത് പോലെ ആധുനികരിൽ ശൈഖ് ഉഥൈമീൻ(﵀) എന്നിവർ സലഫുകൾ ഈ രാവിന് ശ്രേഷ്ഠത കൽപിച്ചിട്ടുണ്ട് എന്ന അഭിപ്രായക്കാരണ്. ഇതോടൊപ്പം ഇവിടെ മനസ്സിരുത്തേണ്ട കാര്യം എന്തെന്നാൽ ഇവരാരും നബി(ﷺ) സ്ഥിരപെട്ട

എന്നാൽ അല്ലാഹു(ﷻ) എല്ലാ രാവുകളിലും രാവിന്റെ മൂന്നിൽ ഒരു ഭാഗം ബാക്കി വരുന്ന സമയത്ത് ഒന്നാം ആകാശത്തിൽ ഇറങ്ങുമെന്ന് സ്വഹീഹായ ഹദീസു കൊണ്ട് തെളിഞ്ഞിട്ടുള്ളതാണ്. ആ ഇറങ്ങൽ എങ്ങനെയാകുന്നു എന്നുള്ള അതിന്റെ രൂപം നാം അറിയുകയില്ല. സൃഷ്ടികളുടെ ഇറങ്ങൽ പോലെയല്ല എന്ന് നാം വിശ്വസിക്കണം. എന്നാൽ ആ സമയം ദുആ ചെയ്യുന്നവരുടെ ദുആക്ക് ഉത്തരം ചെയ്യുന്നതിൽ അല്ലാഹു(ﷻ) അവന്റെ കാരുണ്യത്തെ പ്രത്യേകമായി വെളിപ്പെടുത്തുമെന്ന് അതിൽ നിന്ന് നാം ധരിക്കുക തന്നെ വേണം.

والله اعلم

---

പ്രത്യേക നമസ്കാരമോ, നോമ്പോ, അല്ലെങ്കിൽ ഉരുവിടാനായി പ്രത്യേക ദിക്റോ ഉള്ളതായി പറഞ്ഞിട്ടില്ല.. കൂടുതൽ അറിയുന്നവൻ അല്ലാഹു മാത്രമാണ്.